# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 628 — 10-03-2015-ൽ മറുപടിക്ക്

## എമർജിംഗ് കേരള സംഗമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ; | (എ) & (ബി) കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ എമർജിങ്ങ് കേരള സംഘടിപ്പിച്ചത്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മപദ്ധതികളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിങ്ങ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു. എമർജിങ്ങ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ പദ്ധതികളടക്കം മൊത്തം 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രമുള്ള 19 പദ്ധതികളിൽ രണ്ടു പദ്ധതികളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി 17 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി | എത്ര പദ്ധതികളിലാണ് എം.ഒ.യു. ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) | എമർജിങ്ങ് കേരളയുടെ ഭാഗമായി സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ചത് താഴെ പറയുന്ന രണ്ട് പദ്ധതികൾക്കാണ്.<br><br>1.Capacity Expansion of Refinery Plant and setting up of petrochemical plant at Kochi by BPCL between BPCL and Govt. of Kerala.<br><br>2. To implement Advanced Diploma course in Automotive Mechatronics (ADAM) Course at Govt. Engineering College, Barton Hill, Trivandrum between Mercedez Benz and Higher Education Dept |
| (ഡി) | സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | എമർജിങ്ങ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കും പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. അതു പോലെ, എമർജിങ്ങ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളേയും പദ്ധതികളെയും ഫലവത്താക്കാൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

**Emerging Kerala 2012 - Projects under Industries Dept.**

| Sl.No. | PROJECT | Company/ Promoter | Location | Status |
|---|---|---|---|---|
| 1 | Kochi Refinery Expansion Project | BPCL | Kochi Refinery | Progressing |
| 2 | Petrochemical JV Projects of BPCL | JV with suitable partner (in talks with Manali Petrochemicals, Chennai) | Ambalamugal, Kochi | Progressing |
| 3 | Poly Iso Butylene (PIB) Project | Kothari Petrochemicals, Chennai | Ambalamugal, Kochi | Progressing |
| 4 | Cumene Plant | Deepak Nitrite Ltd.,(DNL) Vadodara | Kochi | Progressing |
| 5 | EPDM Rubber Project | Duncan Goenka Group | Kochi | Progressing |
| 6 | Eco-friendly Gypsum based new generation building material manufacturing unit | Ajith Carbons & Pigments Ltd (Jass Blocks & Coatings Ltd) | Edayar, Kochi | Progressing |
| 7 | Nano Biotech Special Economic Zone & Knowledge City | Pushpagiri Group of Institutions | Thiruvalla | Progressing |
| 8 | Mini Food Park (Bio Nutra Park) | Akay Flavours Group | Perumbavoor, Kochi | Completed |
| 9 | Milk Processing Plant | Muralya Diary Product | Kattakkada, Trivandrum | Progressing |
| 10 | Bio Medical Devices Hub | Terumo Penpol, SCTIMST & HLL Lifecare Ltd | Life Science Park,TVM | Progressing |
| 11 | Bio Similar Drug Manufacturing unit | Mir Group | Life Science Park,TVM | Progressing |
| 12 | HDPE Storage Tank manufacturing unit | Kelachandra Group | Kottayam | Completed |
| 13 | Pre-stressed & Pre-fabricated Housing Component | E-Cube Structural Combines | Palakkad | Progressing |
| 14 | Manufacture of Cellulose Nano fiber | Banana Fibril Ventures | To be finalised | Progressing |
| 15 | Automatic Concrete Block Manufacturing Unit | Tasa Blocks & Tiles | Kochi | Progressing |
| 16 | Ready-to-Eat & Ready-to-Cook Food Items | Chandrakanth Enterprises | Panampassery, Kochi | Progressing |
| 17 | Dairy farm & Meat processing unit | Idukki District Pravasi Cooperative Society | Idukki | Progressing |
| 18 | Animal Husbandry, Agriculture & Floriculture Farms | Kamarudheen Aboobacker (Group of 25 NRIs from Gulf) | North Kerala (location not identified) | Progressing |
| 19 | Integrated Dairy Farm | Palmount Farms India Ltd | Idukki/ EKM | Progressing |